# പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *402

15.05.2017-ന് മറുപടിയ്ക്ക്

## വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാൻ നടപടി

**ചോദ്യം**

ശ്രീ.കെ.വി.അബ്ദുൾ ഖാദർ
,, എം. സ്വരാജ്
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ. എം. രാജഗോപാലൻ

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാർ പൊതുവിദ്യാലയങ്ങളെയും എഞ്ചിനീയറിംഗ് മേഖലയെയും വാണിജ്യവൽക്കരിക്കുകയും സർവകലാശാലകൾ പോലും സ്വകാര്യ മേഖലയിൽ അനുവദിക്കാൻ നീക്കം നടത്തുകയും ചെയ്തതിൽ നിന്ന് വിഭിന്നമായി വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനായി ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(എ) പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതി സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ ഭൗതികവും അക്കാദമികവുമായി കാതലായ മാറ്റങ്ങൾ വരുത്തി പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയായ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി മുഖേന നിരവധി വൈവിദ്ധ്യമാർന്ന പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും

പദ്ധതിയുണ്ട്. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര-പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം മികച്ച പഠന സൗകര്യം പൊതുവിദ്യാലയങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്താൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞമെന്ന പദ്ധതി മുഖേന ലക്ഷ്യമിടുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റങ്ങൾ വരുത്തുന്നതിനായി വിവിധ സർവ്വകലാശാലകൾ ഉൾപ്പെടെ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ വകുപ്പിന്റെ കീഴിൽ 'കിഫ്ബി' പദ്ധതി മുഖേന കേരളത്തിൽ 52 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ 2 വർഷം കൊണ്ട് സൃഷ്ടിക്കുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ശതോത്തര സുവർണ്ണജൂബിലി ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തൃശ്ശൂർ കേരളവർമ്മ കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നീ കോളേജുകളെ ഡിജിറ്റൽ കോളേജുകളായും

മികവിന്റെ കേന്ദ്രങ്ങളായും മാറ്റുന്നതിന് പ്രത്യേക നിക്ഷേപ നിധിയിൽ നിന്ന് 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ, മികവ്, പ്രാപ്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ. സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ആർട്സ്&സയൻസ് കോളേജ് വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജുകൾ തുടങ്ങിയ പദ്ധതികളും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വഴി നടപ്പിലാക്കിവരുന്നു. ഉന്നത വിജ്ഞാനത്തിന്റെ ഗുണനിലവാരം സാമാന്യജനത്തിനുകൂടി പ്രയോജനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി 'പ്രബുദ്ധത' എന്ന നൂതന പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വഴി നടപ്പിലാക്കുന്നുണ്ട്.

(ബി) പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ 10 ശതമാനം വർദ്ധനവ് വരുത്തുമെന്നുള്ള സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നേടുന്നതിന് ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണത്തിൽ 10% വർദ്ധനവ് വരുത്തുമെന്നുള്ള സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക-അക്കാദമിക തലങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് പൊതുവിദ്യാലയങ്ങളെ കൂടുതൽ ആകർഷകമാക്കുവാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭാഗമായി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം ലൈബ്രറി, ലബോറട്ടറി

തുടങ്ങിയവയുടെ നവീകരണ പ്രവർത്തനങ്ങളും നടത്തുന്നതാണ്. കൂടാതെ അക്കാദമിക തലത്തിൽ കാലോചിതമായ മാറ്റം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ കാലോചിതമായ മാറ്റം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിവര സാങ്കേതികവിദ്യാധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ശിശുകേന്ദ്രീകൃതമായ അദ്ധ്യയനത്തിനുതകുന്ന വിധത്തിലുള്ള അദ്ധ്യാപക പരിശീലന പരിപാടികളും സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ 'ഓൺ സൈറ്റ് സപ്പോർട്ടിംഗ് സംവിധാനം' ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര /പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം മികച്ച പഠനസൗകര്യം പൊതുവിദ്യാലയങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്താൻ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മുഖേന ലക്ഷ്യമിടുന്നു.

| | |
|---|---|
| (സി) ഹയർസെക്കന്ററി മേഖലയിൽ ആവശ്യത്തിന് അധ്യാപക തസ്തികകൾ ഇല്ലാതിരുന്ന പ്രശ്നം പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ